ഉത്തരം

(എ) കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മുളവന ഹൈസ്കൂളിൽ വ്യാജമായി അദ്ധ്യാപകരുടെ നിയമനം

1220. [1830] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം പഞ്ചായത്തിൽ മുളവന ഹൈസ്ക്കൂളിൽ വ്യാജമായി മൂന്നു ഡിവിഷൻ ഉണ്ടാക്കിയതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(സി) പരിശോധനയ്ക്കു ചെന്ന ഡി. ഡി. യെ തെറ്റിദ്ധരിപ്പിക്കുന്നതിനായി കുട്ടികളെ സമരത്തിനിറക്കിയതിനെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) അതിനെപ്പറ്റി അന്വേഷിച്ചുവോ ;

(ഇ) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(എഫ്) കല്ലറ, ഭരതന്നൂർ, മിതൃമ്മല എന്നീ ഗവൺമെന്റ് ഹൈസ്കൂളുകളിൽ നിന്നും കാരേറ്റ് ദേവസ്വം ബോർഡ് സ്കൂളുകളിൽ നിന്നും വിട്ടുനിന്ന കുട്ടികളുടെ റ്റി. സി. വാങ്ങി മുളവന ഹൈസ്കൂളിൽ ചേർത്തിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മെമ്പറുടെ തന്നെ 23-10-1986-ലെ പരാതി ലഭിച്ചിട്ടുണ്ട്. അതല്ലാതെ വേറെ പരാതി കിട്ടിയിട്ടില്ല.

(ബി) അഡീഷണൽ ഡി. പി. ഐ. യോട് ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) മെമ്പറുടെ തന്നെ മേൽ സൂചിപ്പിച്ച 23-10-1986-ലെ പരാതിയിൽ ഇക്കാര്യവും പറഞ്ഞിട്ടുണ്ട്. ഇതല്ലാതെ വേറെ പരാതി കിട്ടിയിട്ടില്ല.

(ഡി) ബി യിൽ പറഞ്ഞ മറുപടി കാണുക. ഇക്കാര്യവും കൂടി അന്വേഷിക്കാനാണ് അഡീഷണൽ ഡി. പി. ഐ. യോടു ആവശ്യപ്പെട്ടിട്ടുള്ളത്.

(ഇ) റിപ്പോർട്ടു കിട്ടിക്കഴിഞ്ഞതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്. മെമ്പറുടെ തന്നെ മുൻ സൂചിപ്പിച്ച പരാതിക്കത്തിൽ ഈ പരാതിയും ഉണ്ട്.

(ജി) അന്വേഷണം നടത്താൻ അഡീഷണൽ ഡി. പി. ഐ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ഹൈസ്ക്കൂളുകളിൽ അസിസ്റ്റന്റ് ഹെഡ്മാസ്റ്റർ മാരുടെ നിയമനം

1221. [1831] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹൈസ്ക്കൂളുകളിൽ അസിസ്റ്റന്റ് ഹെഡ്മാസ്റ്റർമാരെ നിയമിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly